DESPATCHED
On 16/1/23



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 1233(3)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.10717/*എസ്.ഐ.സി–ജി 1/2021*)

സന്നിഹിതൻ

## ശ്രീ.എ.അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 06.01.2023

ശ്രീ.ജോസഫ് സേവ്യർ
സൗപർണ്ണിക വാലെ
ഫ്ളാറ്റ് 5 എ, ഒറ്റക്കപ്പലുമാവ് റോഡ്
അതിരമ്പുഴ പി.ഒ., കോട്ടയം

} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   അതിരമ്പുഴ ഗ്രാമപഞ്ചായത്ത്
   അതിരമ്പുഴ പി.ഒ.
   കോട്ടയം

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ
   കാര്യാലയം,
   കളക്ടറേറ്റ് പി.ഒ., കോട്ടയം 686 002

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29.05.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.06.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | |
| മറുപടി ലഭ്യമാക്കിയ തീയതി | 05.08.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.09.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10.09.2021 |

## ഉത്തരവ്

അതിരമ്പുഴ ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ ശ്രീ.ജോസഫ് സേവ്യർ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി നൽകിയില്ല എന്നും തുടർന്നു സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷയ്ക്കും മറുപടി ലഭിച്ചില്ല എന്നതാണ് ഈ രണ്ടാം അപ്പീൽ ഹർജിക്കാധാരം.

2. രണ്ടാം അപ്പീൽ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷൻ അതിരമ്പുഴ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ.യോട് റിപ്പോർട്ട് തേടിയിരുന്നു. തുടർന്ന് 04.01.2023 തീയതിയിൽ കമ്മീഷൻ ആസ്ഥാനത്തു സംഘടിപ്പിച്ച ഹിയറിംഗിൽ ഈ വിഷയം പ്രത്യേകമായി പരിഗണിക്കുകയും ചെയ്തു.

3. അതിരമ്പുഴ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് എസ്.പി.ഐ.ഒ. ആയ ജൂനിയർ സൂപ്രണ്ടും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിനെ പ്രതിനിധീകരിച്ച് ജൂനിയർ സൂപ്രണ്ടും ഹാജരായി.

4. അതിരമ്പുഴ ഗ്രാപഞ്ചായത്തിലെ 11-ാം വാർഡിലെ സൗപർണ്ണിക വാലെ എന്ന ഫ്ലാറ്റ് സമുച്ചയവുമായി ബന്ധപ്പെട്ട 30 ഓളം ചോദ്യങ്ങൾ ഉൾപ്പെടുന്ന സങ്കീർണ്ണമായതും ഓഫീസ് ജോലികൾ തടസ്സപ്പെടുത്തുന്നതുമായ ധാരാളം വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയാണ് ലഭിച്ചതെന്നും അതിന് ഫയൽ പരിശോധിച്ച് നിശ്ചിത സമയപരിധിക്കകം മറുപടി തയ്യാറാക്കി നൽകുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടും അത് കാരണം ഓഫീസ് പ്രവർത്തനങ്ങൾക്കുണ്ടാകുന്ന തടസ്സവും പരിഗണിച്ച് രേഖകൾ പരിശോധിക്കുന്നതിന് ഹർജിക്കാരന് അവസരം നൽകിയെന്നും എന്നാൽ അപേക്ഷകൻ അത് പ്രയോജനപ്പെടുത്താതെ അപ്പീൽ ഹർജി സമർപ്പിക്കുകയാണ് ചെയ്തതെന്നും അപ്പീൽ അധികാരിയുടെ നിർദ്ദേശമനുസരിച്ച് 2, 3, 8, 10, 11, 13, 14, 17, 18, 20, 21, 25, 29 ചോദ്യങ്ങൾക്ക് ഓഫീസിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ വിവരണാത്മക മറുപടി നൽകിയെന്നും 1, 4, 5, 7, 12, 22, 26, 27, 28 ചോദ്യങ്ങളുടെ മറുപടിക്ക് പകർപ്പ് ലഭ്യമാക്കുന്നതിനും രേഖകൾ, മോഡലുകൾ തുടങ്ങിയവയുടെ യഥാർഥ ചെലവ് തുകയായ

3,360/- രൂപ ഫീസ് അടച്ച് രേഖകൾ കൈപ്പറ്റുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. റിപ്പോർട്ടു ചെയ്തിരിക്കുന്നു.

5. എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ടും മൊഴിയും വിശ്വാസത്തിലെടുത്തുകൊണ്ട് കമ്മീഷൻ ഈ അപ്പീൽ ഹർജിയിൽ ഇന്നേ ദിവസം (2023 ജനുവരി മാസം 6-ാം തീയതി) തീർപ്പു കൽപ്പിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

NAS